# ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

*(പബ്ലിക് ഓഫീസ് കോമ്പൗണ്ട്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-33)*
*(ഹാജർ. എ.റ്റി. ജെയിംസ്, ഐ.എ.എസ്.)*

എൽ.ആർ.എൻ2/2636/2017 തീയതി 18-09-2018

വിഷയം- ജീവനക്കാര്യം-ലാൻഡ് റവന്യൂ വകുപ്പ് കേരള ലാൻഡ് റവന്യൂ സബോർഡിനേറ്റ് സർവ്വീസ് (ടൈപ്പിസ്റ്റ് മുതൽ ഫെയർ കോപ്പി സൂപ്രണ്ട് വരെ) സ്പെഷ്യൽ റൂൾസ് 2006 - ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം/സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നത് - സംബന്ധിച്ച്.

സൂചന-
1 17-03-2006 ലെ ജി.ഒ.(പി) 77/2006/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവ്

2 07-03-2014-ലെ എൽ.ആർ. റ്റി6-6600/12 നമ്പർ സീനിയോരിറ്റി ലിസ്റ്റ്

3. ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ 09-03-2017 - ലെ എൽ.ആർ. എൻ.2- 2636/17 നമ്പർ നടപടിക്രമം.

4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 08-08-2017 - ലെ എൽ.ആർ. എൻ.2- 2636/17 നമ്പർ നടപടിക്രമം.

സൂചന (3), (4) നടപടിക്രമം പ്രകാരം ഫെയർ കോപ്പി സൂപ്രണ്ടുമാരായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി. ലൈലാബീബി. എം.എച്ച്, ശ്രീമതി.സിനിമോൾ. വി.ഇ - എന്നിവർക്ക് ചുവടെ ചേർക്കും പ്രകാരം റീ-അലോട്ട്മെന്റ്/സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | ഉദ്യോഗസ്ഥന്റെ പേര് | സെലക്ഷൻ ഗ്രേഡ് റാങ്ക് നമ്പർ (എൽ.ആർ .റ്റി6-6600/12 തീയതി 07-03-2014 നം. അന്തിമ സീനിയോരിറ്റി ലിസ്റ്റ്) | ഇപ്പോൾ ജോലി ചെയ്യുന്ന ജില്ല | സ്ഥലംമാറ്റം നൽകി നിയമിച്ച ജില്ല |
|---|---|---|---|---|
| 1 | ലൈലാബീബി. എം.എച്ച്. | 232 | ആലപ്പുഴ | എറണാകുളം (റീ-അലോട്ട്മെന്റ്) |
| 2 | സിനിമോൾ. വി. ഇ. | 275 | ഡി.എസ്.എൽ. ആർ. | ആലപ്പുഴ (അപേക്ഷ പ്രകാരം) |

സൂചന (2) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുമാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ നിന്നും ചുവടെ പറയുന്ന സീനിയർമാരായ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുമാരെ നിലവിലുള്ള ഫെയർ കോപ്പി സൂപ്രണ്ട് തസ്തിക ഒഴിവിൽ കെ.എസ്. & എസ്. എസ്. ആർ. ചട്ടം 28 (ബി), (ii) പ്രകാരം സ്ഥാനക്കയറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | ഉദ്യോഗസ്ഥന്റെ പേര് | സെലക്ഷൻ ഗ്രേഡ് റാങ്ക് നമ്പർ (എൽ.ആർ .റ്റി6-6600/12 തീയതി 07-03-2014 നം. അന്തിമ സീനിയോരിറ്റി ലിസ്റ്റ്) | ഇപ്പോൾ ജോലി ചെയ്യുന്ന ജില്ല | സ്ഥാനക്കയറ്റം നൽകി നിയമിച്ച ജില്ല |
|---|---|---|---|---|
| 1 | സുജാത. എം. | 287 | കണ്ണൂർ | ഡി.എസ്.എൽ.ആർ. |
| 2 | രവീന്ദ്രൻ. കെ | 290 | മലപ്പുറം | തിരുവനന്തപുരം. |

ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ/ഓഫീസ് മേധാവികൾ ടി ഉദ്യോഗസ്ഥരെ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്തും അനുയോജ്യമായ നിയമനം നൽകിയും വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

അപേക്ഷ പ്രകാരം സ്ഥലംമാറ്റം ലഭിച്ചവർക്ക് ജോയിനിംഗ് ടൈം, യാത്രാബത്ത എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

(ഒപ്പ്)
**കമ്മീഷണർ**

ബന്ധപ്പെട്ട വ്യക്തിയ്ക്ക്
(ജില്ലാ കളക്ടർ മുഖാന്തിരം)
പകർപ്പ് :

1) ഡയറക്ടർ, സർവ്വേയും ഭൂരേഖയും വകുപ്പ്, തിരുവനന്തപുരം.
2) ജില്ലാ കളക്ടർ, തിരുവനന്തപുരം/ആലപ്പുഴ/എറണാകുളം/മലപ്പുറം/കണ്ണൂർ.
3) ലാൻഡ് റവന്യൂ കമ്മീഷണറുടെ/ജോയിന്റ് കമ്മീഷണറുടെ സി. എ-മാർക്ക്
4) സീനിയോരിറ്റി സെൽ
5) ഐ.ടി. സെൽ
5) മെമ്മോ ഫയൽ/ അധിക പകർപ്പ്

ഉത്തരവിൻ പ്രകാരം,

സൂപ്രണ്ട്